# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>അസൈഡ് ഫണ്ട്</u>

646 ശ്രീ.എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006-2011 കാലയളവിൽ 'അസൈഡ്' ഫണ്ടിനത്തിൽ എത്ര രൂപയാണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിനാകെ ലഭിച്ചത്; ഏതെല്ലാം പ്രോജക്ടുകൾക്കാണ് ഈ തുക നീക്കിവെച്ചത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 'അസൈഡ്' ഫണ്ടിനത്തിൽ എത്ര രൂപ ലഭിച്ചു; അത് ഏതെല്ലാം പദ്ധതികൾക്കായാണ് നീക്കിവെച്ചിട്ടുളളത്;

(സി) കിൻഫ്ര എത്ര രൂപയാണ് ചന്തിരൂർ പൊതു മലിനീകരണ നിയന്ത്രണ പ്ലാന്റിനായി നീക്കിവെച്ചത്,

(ഡി) സംസ്ഥാന ഷെയർ നൽകാത്തത് കാരണം അവിടെ പ്ലാന്റ് നിർമ്മാണവുമായി മുന്നോട്ടുപോകുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് നേടിയെടുക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഐ.ഡി.സി. ബിസിനസ്സ് സംഗമം</u>

647 ശ്രീ. വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി. ബിസിനസ്സ് സംഗമം സംഘടിപ്പിക്കുകയുണ്ടായോ; വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സംഗമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ പെട്രോകെമിക്കൽ വ്യവസായരംഗത്ത് മുതൽമുടക്ക്, തൊഴിൽ സാദ്ധ്യത എന്നിവയുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങൾ പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടു; വിശദമാക്കുമോ;

(ഡി) പ്രസ്തുത ബിസിനസ്സ് സംഗമത്തിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിലുള്ള കേരള ടെക്നോളജി ഇന്നൊവേഷൻ സോൺ</u>

648 ശ്രീ. സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ കേരള ടെക്നോളജി ഇന്നൊവേഷൻ സോണിനു രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ, ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഇതിനായി ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) എന്തെല്ലാം സഹായങ്ങളാണ് ഇതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. നൽകുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സ്റ്റാർട്ട് അപ് വില്ലേജ്</u>

649 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്
,, വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ് വില്ലേജിന് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദാംശങ്ങൾ നൽകുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഇതിൽ ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം സഹായങ്ങളാണ് ഇതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. നൽകുന്നത് ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കുറ്റ്യാടി നാളികേര പാർക്ക്</u>

650 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി. യുടെ ആഭിമുഖ്യത്തിൽ കുറ്റ്യാടിയിൽ ആരംഭിക്കാനിരിക്കുന്ന നാളികേര പാർക്കിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നാളികേര പാർക്ക് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന കാര്യം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

**കേരള സംസ്ഥാന ഡിറ്റർജന്റ് ആന്റ് കെമിക്കൽസിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ**

651 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഡിറ്റർജന്റ് ആന്റ് കെമിക്കൽസ് എന്ന സ്ഥാപനം നിർത്തലാക്കിയത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികൾക്ക് വി. ആർ. എസ്. നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നുവോ; എങ്കിൽ ഏതെല്ലാം വർഷങ്ങളിൽ എത്ര ഘട്ടമായിട്ടാണ് ഇത് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) 2006-ൽ വി. ആർ. എസ്. നടപ്പിലാക്കിയതിനു ശേഷം പ്രസ്തുത സ്ഥാപനത്തിൽ മുൻകാല പ്രാബല്യത്തോടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയോ; വിശദമാക്കുമോ;

(ഡി) ഏതു വർഷം മുതലാണ് ശമ്പള പരിഷ്ക്കരണത്തിന് മുൻകാല പ്രാബല്യം നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ശമ്പള പരിഷ്ക്കരണ ആനുകൂല്യത്തിന് 2006-ൽ വി. ആർ. എസ്. എടുത്തവർക്ക് അർഹതയുണ്ടോ;

(എഫ്) പ്രസ്തുത ജീവനക്കാർക്ക് അർഹമായ ശമ്പള പരിഷ്ക്കരണ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>മൊബിലിറ്റി ഹബ്ബുകൾ</u>

652 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൊബിലിറ്റി ഹബ്ബുകൾക്കായി 2013-14 ലെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഏതൊക്കെ പ്രവൃത്തിക്ക് എത്ര വീതം ചെലവാക്കിയെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സാമ്പത്തിക വർഷം പുതുതായി എത്ര മൊബിലിറ്റി ഹബ്ബുകൾ നാളിതുവരെ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) മൊബിലിറ്റി ഹബ്ബുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ നിരക്ക്

653 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എം.എം.എൽ, റ്റി.ഇ.എൽ.കെ, റ്റി.റ്റി.പി, എസ്.ഐ.എഫ്.സി. എന്നിവയുടെ ലാഭത്തിൽ ഗണ്യമായ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേത്തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>റാന്നിയിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക്</u>

654 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ സ്ഥാപിക്കാനുദ്ദേശിച്ച, കിൻഫ്രയുടെ അപ്പാരൽ പാർക്കിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നത്;

(ബി) അപ്പാരൽ പാർക്കിന്റെ നിർമ്മാണത്തിനായി എത്ര ഏക്കർ വസ്തുവാണ് പാട്ട വ്യവസ്ഥയിൽ കിൻഫ്രയ്ക്ക് കൈമാറിയിട്ടുള്ളത്; ഇതിന്റെ വാർഷിക പാട്ടത്തുക എത്രയാണ്? ഏതൊക്കെ വർഷങ്ങളിൽ പാട്ടത്തുക അടച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; ഏതെങ്കിലും വർഷത്തെ പാട്ടത്തുക അടയ്ക്കാനായി കുടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു വർഷത്തെ; കുടിശ്ശികയായതിനുള്ള കാരണം വിശദമാക്കാമോ;

(സി) അപ്പാരൽ പാർക്കിന്റെ നിർമ്മാണ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; ഈ സർക്കാർ അധികാരമേറ്റ ശേഷം റാന്നിയിലെ കിൻഫ്രയുടെ ഈ സ്ഥലം ഉപയോഗപ്പെടുത്തി അപ്പാരൽ പാർക്കിന്റെ നിർമ്മാണം നടത്തുന്നതിനോ, അതു സാധ്യമല്ലെങ്കിൽ, മറ്റേതെങ്കിലും വ്യവസായ പദ്ധതി നടപ്പാക്കുന്നതിനോ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ഡി) ഈ സ്ഥലം ഉപയോഗപ്പെടുത്തി വ്യവസായ വികസനം നടപ്പിലാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കിൻഫ്രയുടെ നേതൃത്വത്തിൽ ചിറക്കര ഭൂമി എറ്റെടുക്കൽ</u>

655 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ കിൻഫ്രയുടെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിരുന്നുവോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത നടപടിയിലുള്ള പുരോഗതി എന്താണ്;

(സി) ഭൂമി എറ്റെടുക്കുന്നതിലേക്കുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; തടസ്സങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത കാര്യം ഭൂവുടമകളെ അറിയിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ;

(ഡി) ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുൻപോട്ട് പോകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവോ; ഇല്ലായെങ്കിൽ കാരണം എന്താണ്; വിശദമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് കിൻഫ്ര പാർക്ക്</u>

656 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കിൻഫ്ര പാർക്കിൽ മൊത്തം എത്ര ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിച്ചിട്ടുണ്ട്; അവ പൂർണ്ണമായും വ്യവസായ യൂണിറ്റുകൾക്ക് അലോട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അവശേഷിക്കുന്നവ എത്ര;

(ബി) നിലവിൽ അലോട്ട്മെന്റ് നടത്തിയ യൂണിറ്റുകൾ ഓരോന്നിൽ നിന്നും ഒരു ചതുരശ്ര അടിയ്ക്ക് പ്രതിമാസം ഈടാക്കി വരുന്ന വാടക നിരക്ക് വെളിപ്പെടുത്താമോ;

(സി) കിൻഫ്ര പാർക്കിൽ ഏതെല്ലാം വ്യവസായ യൂണിറ്റുകൾക്ക് സ്ഥലം അലോട്ട് ചെയ്ത് കൊടുത്തിട്ടുണ്ട്; യൂണിറ്റിന്റെ പേര്, സ്ഥലത്തിന്റെ ഏരിയ, വാടക നിരക്ക് തുടങ്ങിയ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പാർക്കിൽ ഇനി ശേഷിക്കുന്ന ഭൂമി എത്രയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ജല - വായു മലിനീകരണ സാധ്യതയനുസരിച്ച് വ്യവസായ സ്ഥാപനങ്ങളുടെ തരംതിരിക്കൽ</u>

657 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജല - വായു മലിനീകരണ സാധ്യതയനുസരിച്ച് ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളെയാണ് വിവിധ കാറ്റഗറികളിലായി തിരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) റെഡ്, ഓറഞ്ച്. ഗ്രീൻ കാറ്റഗറികളിലായുള്ള വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത കാറ്റഗറികളിലുള്ള എത്ര വ്യവസായങ്ങൾ നിലവിൽ കേരളത്തിലുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ/നഷ്ട കണക്ക്</u>

658 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഓരോ സ്ഥാപനത്തിനും എത്ര ലാഭമാണു ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നതെന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര രൂപയാണ് ടി സ്ഥാപനങ്ങൾക്ക് നഷ്ടം ഉണ്ടായതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>'എമർജിംഗ് കേരള' നടത്തിപ്പ് ചെലവുകൾ</u>

659 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 സെപ്തംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരളയുടെ ഉദ്ഘാടനവേദിയൊരുക്കാൻ ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) സ്റ്റേജ് ക്രമീകരണങ്ങൾക്കായി എത്ര തുക ചെലവഴിച്ചുവെന്നും സ്റ്റേജ് ക്രമീകരണങ്ങൾ നടത്തുന്നതിന് ഏത് സ്ഥാപനത്തിനെയാണ് ചുമതലപ്പെടുത്തിയത് എന്നും വ്യക്തമാക്കാമോ; സ്റ്റേജ് ക്രമീകരണത്തിനായി തയ്യാറുള്ള സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചിരുന്നോ; ഏത് നടപടിക്രമം അനുസരിച്ചാണ് സ്റ്റേജ് ക്രമീകരണത്തിനായി സ്ഥാപനത്തെ തെരഞ്ഞെടുത്തത് എന്നു വ്യക്തമാക്കാമോ;

(സി) എമർജിംഗ് കേരളയുടെ പരസ്യ പ്രചരണത്തിനായി ഏത് കമ്പനിയെയാണ് നിയോഗിച്ചതെന്നും ഈ ഇനത്തിൽ പ്രസ്തുത കമ്പനിക്ക് നൽകിയ തുകയെത്രയെന്നും വ്യക്തമാക്കാമോ;

(ഡി) ഉദ്ഘാടനവേദി അലങ്കരിക്കുന്നതിനും ശബ്ദസംവിധാനം ഒരുക്കുന്നതിനും അവതാരകർക്ക് പ്രതിഫലം നൽകിയതിനുമായി ചെലവാക്കിയ തുക ഇനംതിരിച്ച് വെളിപ്പെടുത്തുമോ;

(ഇ) എമർജിംഗ് കേരളയ്ക്കായി മൂന്നു ദിവസത്തെ ഭക്ഷണത്തിനും താമസത്തിനുമായി ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(എഫ്) എമർജിംഗ് കേരളയിലൂടെ കേരളത്തിൽ എത്ര തുകയുടെ നിക്ഷേപം നടന്നുവെന്നും നിക്ഷേപം നടത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്
'എമര്‍ജിംഗ് കേരള' രജിസ്റ്റര്‍ ചെയ്യപ്പെട്ട വ്യവസായങ്ങള്‍

660 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാര്‍ നടത്തിയ 'എമര്‍ജിംഗ് കേരള' പരിപാടിയില്‍ രജിസ്റ്റര്‍ ചെയ്യപ്പെട്ട എത്ര വ്യവസായങ്ങളാണ് ഇപ്പോള്‍ കേരളത്തില്‍ പ്രവര്‍ത്തനമാരംഭിച്ചിട്ടുള്ളത്;

(ബി) ഏതെല്ലാം വ്യവസായങ്ങളാണ് ആരംഭിച്ചതെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഈ സാമ്പത്തിക വര്‍ഷം പുതിയ വ്യവസായ സ്ഥാപനങ്ങള്‍ എന്തെങ്കിലും ആരംഭിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കില്‍ അവ പൊതു മേഖലയിലാണോ സ്വകാര്യ മേഖലയിലാണോ എന്നു വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

<u>എമർജിംഗ് കേരള</u>

661 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയെ ഉദ്ദീപിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ സംഘടിപ്പിച്ച 'എമർജിംഗ് കേരള'യിലൂടെ സംസ്ഥാനത്ത് ഇതുവരെ എത്ര വ്യവസായങ്ങൾ തുടങ്ങാൻ സാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എമർജിംഗ് കേരള സംഘടിപ്പിച്ചതിന്റെ ഭാഗമായി സംസ്ഥാന ഖജനാവിൽ നിന്ന് എത്ര തുക ചെലവായിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

എമർജിംഗ് കേരള മീറ്റിലെ പദ്ധതികൾ

662 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 - സെപ്തംബർ മാസത്തിൽ നടന്ന എമർജിംഗ് കേരളയിൽ ആകെ എത്ര പദ്ധതികളാണ് അവതരിപ്പിച്ച തെന്ന് വ്യക്തമാക്കാമോ;

(ബി) എമർജിംഗ് കേരളയിൽ എത്ര ധാരണാപത്രം ഒപ്പിട്ടു; ഓരോന്നിന്റെയും പണി ആരംഭിച്ചത് എപ്പോൾ; ഇതുവരെയായി നടത്തിയ നിക്ഷേപം എത്രയാണ്;

(സി) എമർജിംഗ് കേരള മീറ്റിന് ആകെ എത്ര കോടി രൂപയാണ് ചെലവായത്; വ്യക്തമാക്കാമോ;

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

'എമർജിംഗ് കേരള'യുടെ പ്രവർത്തനം

663 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. സി. കെ. സദാശിവൻ
,, പി. റ്റി. എ. റഹീം
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സംഘടിപ്പിച്ച 'എമർജിംഗ് കേരള'യുടെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) എത്ര പദ്ധതി നിർദ്ദേശങ്ങളാണ് 'എമർജിംഗ് കേരള' നിക്ഷേപക സംഗമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; ഇതിൽ ധാരണാപത്രം ഒപ്പുവയ്ക്കാൻ കഴിഞ്ഞവ എത്രയായിരുന്നു ;

(സി) 'എമർജിംഗ് കേരള'യിൽ മൊത്തം എത്ര പദ്ധതികൾ പ്രഖ്യാപിക്കുകയുണ്ടായി ; വ്യവസായവകുപ്പ് മാത്രം എത്ര പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു ; പ്രഖ്യാപിത പദ്ധതികളിൽ എത്രയെണ്ണം ആരംഭിക്കാനായി ; ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കാൻ കഴിയുമെന്ന് കരുതുന്ന പദ്ധതികൾ ഏതൊക്കെ ;

(ഡി) ഐ.ടി. വകുപ്പിനുകീഴിൽ പ്രഖ്യാപിച്ചിരുന്ന 6 പദ്ധതികൾക്ക് നിക്ഷേപകർ താല്പര്യം പ്രകടിപ്പിക്കുന്നില്ലെന്നത് സംബന്ധിച്ച് വകുപ്പ് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ഇ) 10 രാജ്യങ്ങളിൽനിന്നായി 40,000 കോടിയിലേറെ രൂപയുടെ നിർദ്ദേശങ്ങൾ പദ്ധതിക്കായി ലഭിച്ചതായി സമാപന സമ്മേളനത്തിൽ മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ ഏതൊക്കെയാണെന്നും അവയിൽ ഏതിലെല്ലാം ധാരണാപത്രം ആയിട്ടുണ്ടെന്നും വിശദമാക്കുമോ ; ശേഷിക്കുന്നവ എന്നത്തേക്ക് ആകുമെന്നാണ് കരുതുന്നത് ;

(എഫ്) ഫോക്ക്സ് വാഗൺ, എൻജിൻ അസംബ്ലിംഗ് യൂണിറ്റിനായി 2000 കോടിയുടെ പദ്ധതി സമർപ്പിച്ചതായി സർക്കാർ പ്രഖ്യാപിച്ചിരുന്നുവോ ; എങ്കിൽ ഇതിന് വിരുദ്ധമായി കമ്പനി നടത്തിയ പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്
2003-ലെ ആഗോളനിക്ഷേപകസംഗമം

664 ശ്രീ. ഇ. പി. ജയരാജൻ
,, പി. ശ്രീരാമകൃഷ്ണൻ
,, എം. ചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2003-ൽ സർക്കാർ സംഘടിപ്പിച്ച ആഗോളനിക്ഷേപക സംഗമത്തേയും അതിന്റെ തുടർനടപടികളെയും കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; ആഗോളനിക്ഷേപകസംഗമത്തെ മുൻനിർത്തി ഉയർത്തിക്കാട്ടിയ പ്രതീക്ഷകൾ സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആഗോളനിക്ഷേപകസംഗമത്തിലൂടെ എത്ര തുകയുടെ പദ്ധതികൾ ലഭിക്കുമെന്നാണു പ്രഖ്യാപിച്ചിരുന്നത്; ലഭിച്ചവ എത്ര; ധാരണാപത്രം ഒപ്പുവയ്ക്കാൻ കഴിഞ്ഞവ എത്ര; ഇതിൽ പ്രാവർത്തികമായവ ഏവ;

(സി) ആഗോളനിക്ഷേപകസംഗമത്തിൽ പ്രധാനമന്ത്രി എത്ര തുകയ്ക്കുള്ള എത്ര പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു; ഏതൊക്കെ ഇതിനകം നടപ്പിലാക്കാനായി; ബാക്കി നടപ്പിലാക്കാനുള്ളവ ഏവ;

(ഡി) ആഗോളനിക്ഷേപകസംഗമത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ വകുപ്പുകളോ പൊതുമേഖലാസ്ഥാപനങ്ങളോ പദ്ധതികൾ സമർപ്പിച്ചിരുന്നോ; എന്തു തുകയ്ക്കുള്ള ഏതെല്ലാം പദ്ധതികളാണ് സമർപ്പിച്ചിരുന്നത്; ഇവയിൽ നടപ്പിലാക്കാനാകാത്തവ എത്ര;

(ഇ) ആഗോളനിക്ഷേപകസംഗമത്തിന് എന്തു തുക ചെലവ് വരുമെന്നാണു പ്രതീക്ഷിച്ചിരുന്നത്; എന്തു തുക ചെലവായി; ഇതിൽ സർക്കാർ ഖജനാവിൽ നിന്നും ചെലവായതെത്ര;

(എഫ്) പ്രസ്തുത സംഗമത്തിന്റെ പരസ്യത്തിനും പ്രചാരണത്തിനും, മാധ്യമങ്ങളിലൂടെയുള്ളതുൾപ്പെടെ എന്തു തുക ചെലവഴിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമത്തിൽ ഉൾപ്പെടുത്തിയ പദ്ധതികൾ</u>

665 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമത്തിൽ ഉൾപ്പെടുത്തി എത്ര പദ്ധതികളാണ് പ്രഖ്യാപിച്ചതെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ പദ്ധതിയും ഏതൊക്കെ നിക്ഷേപകരാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഓരോ പദ്ധതിയ്ക്കുമായി എത്ര തുകയാണ് നിക്ഷേപകരിൽ നിന്ന് കണ്ടെത്തിയതെന്ന് വിശദമാക്കാമോ;

(ഡി) ഇതിൽ ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ബാക്കിയുള്ളവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കൊച്ചിയിൽ നടന്ന 'ജിം' മുഖേനയുള്ള നിക്ഷേപകസംരംഭം</u>

666 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ നടന്ന 'ജിം' സംരംഭത്തിന്റെ ഫലമായി സംസ്ഥാനത്ത് എത്ര നിക്ഷേപക സംരംഭങ്ങൾ ഇതിനകം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ വിദേശ നിക്ഷേപം, ആഭ്യന്തര നിക്ഷേപം എന്നിവയുടെ കണക്ക് പ്രത്യേകം വ്യക്തമാക്കാമോ;

(സി) 'ജിം' സംഘാടനവുമായി ബന്ധപ്പെട്ട് സർക്കാരിന് എത്ര തുക ചെലവഴിക്കേണ്ടി വന്നു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ പാലൂർക്കോട്ട, വ്യവസായ ഏരിയയായി പ്രഖ്യാപിക്കൽ</u>

667 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ പാലൂർക്കോട്ട, വ്യവസായ ഏരിയയായി പ്രഖ്യാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് താപനിലയം</u>

668 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ വ്യവസായവകുപ്പും വൈദ്യുതി വകുപ്പും സംയുക്തമായി ആരംഭിക്കുമെന്നു പ്രഖ്യാപിച്ച താപനിലയം എന്ന് ആരംഭിക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

<u>പ്രവർത്തനരഹിതമായ വ്യവസായ എസ്റ്റേറ്റുകളുടെ ഭൂമി</u>

669 ശ്രീ.എം. വി. ശ്രേയാംസ് കുമാർ
,, ഡോ. എൻ. ജയരാജ്
,, പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ എസ്റ്റേറ്റുകളിൽ പ്രവർത്തനരഹിതമായവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവർത്തനരഹിതമായ പ്രസ്തുത സ്ഥാപനങ്ങളുടെ ഭൂമി സംബന്ധിച്ച് എടുത്ത തീരുമാനം വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുള്ള ഭൂമിയുടെമേൽ ഊഹക്കച്ചവടം നടത്തുന്നത് തടയുന്നതിനു നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം</u>

670 ശ്രീ.പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ.റോഷി അഗസ്റ്റിൻ
'' എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്നതും പൂട്ടിക്കിടക്കുന്നതുമായ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിച്ച് ലാഭകരമാക്കുന്നതിനും തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ഈ സർക്കാർ അധികാരമേറ്റ ശേഷം കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഇപ്രകാരം പൊതുമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളെ, വെല്ലുവിളികൾ അതിജീവിച്ച് മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് നടപടി</u>

671 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരങ്ങൾ നൽകുമോ;

(ബി) നഷ്ടത്തിലായ പ്രസ്തുത സ്ഥാപനങ്ങളെ ലാഭത്തിലാക്കുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നുള്ള വിവരം നൽകുമോ;

(സി) ഇക്കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ഇൻകെൽ പദ്ധതി</u>

672 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യവികസനരംഗത്ത് ഇൻകെൽ നിലവിൽ ഏതെല്ലാം പദ്ധതികളാണ് നിർവ്വഹിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇൻകെൽ ഏറ്റെടുത്ത് പൂർത്തിയാക്കിയതും നിർമ്മാണം നടത്തിവരുന്നതുമായ പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികളുടെ ഓരോന്നിന്റെയും പ്രതീക്ഷിത പദ്ധതിച്ചെലവും യഥാർത്ഥ ചെലവും വെളിപ്പെടുത്താമോ; നിർമ്മാണം മുടങ്ങിയിരിക്കുന്ന പദ്ധതികൾ എന്തെങ്കിലും ഉണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി</u>

673 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ സ്ഥലം ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഭൂമി നഷ്ടപ്പെടുന്ന സ്ഥലമുടമകൾക്ക് ഏതു വിധത്തിലുള്ള നഷ്ടപരിഹാരമാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ എൽ.എൻ.ജി.യുടെ ഉപയോഗം</u>

674 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.എൻ.ജി.യുടെ ഉപയോഗം വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം വ്യവസായസ്ഥാപനങ്ങളാണ് ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നതെന്നു വ്യക്തമാക്കുമോ;

(സി) ഇതിലൂടെ സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാകുന്നതെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

അതിവേഗ റെയിൽ കോറിഡോർ പദ്ധതി

675 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 'അതിവേഗ റെയിൽ കോറിഡോർ പദ്ധതി' യുടെ ആദ്യ ഘട്ട പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ എത്ര ശതമാനം ഇതിനകം ചെലവഴിച്ചിട്ടുണ്ട്;

(ബി) റെയിൽ കോറിഡോറിന്റെ റൂട്ട് അന്തിമമായി അംഗീകരിക്കുകയുണ്ടായോ; എത്ര ഏക്കർ സ്ഥലം ഇതിനായി ഏറ്റെടുക്കേണ്ടതായി വരും; അക്വിസിഷനുവേണ്ടി ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) ഈ പദ്ധതിയുടെ കണക്കാക്കപ്പെട്ട മൊത്തം ചെലവ്, വയബിലിറ്റി, ബ്രേക്ക് ഈവൻ പീരീഡ് തുടങ്ങിയ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) നിലവിലുള്ള റയിൽവേ ലൈനിനോടനുബന്ധിച്ചല്ലാതെയുള്ള റൂട്ടുകൾ ഉണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം റൂട്ടുകൾ എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കരിമണൽ ഖനനം സംബന്ധിച്ച സർക്കാർ നയം

676 ശ്രീ. എം. എ. ബേബി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. പി. കെ. ഗുരുദാസൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കരിമണൽ ശേഖരം ചൂഷണം ചെയ്യുന്നതിന് സ്വകാര്യമേഖലയ്ക്ക് വേണ്ടി വിദേശ ബഹുരാഷ്ട്ര കുത്തക കമ്പനികൾ രഹസ്യ സർവ്വേ നടത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും വിവരം ലഭിച്ചിരുന്നുവോ; എങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഖനനം സ്വകാര്യമേഖലയിൽ നടത്തുന്നതിന് എമർജിംഗ് കേരളയിൽ എന്തെങ്കിലും നിർദ്ദേശം വന്നിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) പൊതുമേഖലയിൽ മാത്രമായി ഖനനാനുവാദം നൽകുന്നതിൽ സർക്കാർ നയം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ്</u>

677 ശ്രീ.പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് അംഗങ്ങൾ ആരൊക്കെയാണ്; ബോർഡ് എത്ര തവണ യോഗം ചേരുകയുണ്ടായി;

(ബി) ബോർഡ് നാളിതുവരെ നടത്തിയ ശ്രമത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഏതെല്ലാം മേഖലയിൽ ഇൻവെസ്റ്റ്മെന്റ് പുതുതായി ഉണ്ടായിട്ടുണ്ട്;

(സി) ഇൻവെസ്റ്റ്മെന്റ് നേടുന്നതിനായി ബോർഡ് നടത്തിയ ശ്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ബോക്സൈറ്റ് ഖനനം</u>

678 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ ബോക്സൈറ്റ് ഖനനത്തിന് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ നൽകിയ അനുമതി റദ്ദാക്കണമെന്നും ഇത് സംബന്ധിച്ച് നടന്ന ഇടപാടുകളെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ട് കത്ത് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ കത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കുമോ ;

(ഡി) ഈ വിഷയത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

**കേരള നിയമസഭ**
**07.01.2014-ലെ മറുപടിക്ക്**

<u>കടലാടിപ്പാറ ഖനനം</u>

679 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കിനാവൂർ-കരിന്തളം പഞ്ചായത്തിലെ കടലാടിപ്പാറയിൽ ഖനനത്തിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് കമ്പനിക്കാണ് അനുമതി നൽകിയതെന്നും എത്ര വർഷത്തേയ്ക്കാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കാമോ;

(സി) ഈ പ്രദേശത്തെ ജൈവസന്തുലിതാവസ്ഥയ്ക്ക് തന്നെ ഭീഷണിയാകുന്ന ഈ പദ്ധതിക്ക് അനുമതി നൽകരുതെന്ന പ്രദേശവാസികളുടെയും ജനപ്രതിനിധികളുടെയും എതിർപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ വിഷയത്തിൽ സർക്കാർ എന്തുനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കേരളാ മൈനർ മിനറൽ കൺസഷൻ റൂൾ പ്രകാരമുള്ള പാറഖനനം</u>

680 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1967-ലെ കേരളാ മൈനർ മിനറൽ കൺസഷൻ റൂൾ പ്രകാരം സംസ്ഥാനത്ത് പാറഖനനം നടത്തുന്നതിനു നൽകിയ അനുമതികൾ എത്രയാണെന്ന് ജില്ലതിരിച്ചു വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഇരുമ്പയിര് ഖനനം നടത്തുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്തോ ഈ സർക്കാരിന്റെ കാലത്തോ ലൈസൻസ് നൽകിയിട്ടുണ്ടോ; എങ്കിൽ, ആർക്കെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

പാറ പൊട്ടിക്കുന്നതിനുള്ള പെര്‍മിറ്റ്

681 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വകാര്യ-സര്‍ക്കാര്‍ ഭൂമികളില്‍ നിന്ന് പാറ പൊട്ടിക്കുന്നതിന് പെര്‍മിറ്റ് നല്‍കുന്നതിനുള്ള നടപടിക്രമങ്ങള്‍ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) പാറ പൊട്ടിക്കുന്നതിന് പെര്‍മിറ്റ് നല്‍കുന്നതിനുള്ള അധികാരം ആര്‍ക്കാണെന്ന് വ്യക്തമാക്കുമോ ;

(സി) പെര്‍മിറ്റ് കൂടാതെ പാറ പൊട്ടിക്കുന്നത് കണ്ടെത്തിയാല്‍ നല്‍കുന്ന ശിക്ഷകള്‍ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>ക്വാറികൾ നൽകുന്ന റോയൽറ്റി</u>

682 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാരിലേയ്ക്ക് റോയൽറ്റി നൽകി പ്രവർത്തിക്കുന്ന എത്ര ക്വാറികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ക്വാറികൾക്ക് റോയൽറ്റി ചുമത്തുന്നതിന്റെ മാനദണ്ഡം, നിരക്ക് എന്നിവ വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ക്വാറികളിൽ നിന്നുള്ള റോയൽറ്റി കുടിശ്ശിക</u>

683 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ക്വാറികളുടെ റോയൽറ്റി ഇനത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിന് എത്ര തുക വീതം ലഭിച്ചു എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) റോയൽറ്റി ഇനത്തിൽ സർക്കാരിലേക്ക് പിരിഞ്ഞു കിട്ടാനുള്ള ഇതുവരെയുള്ള കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്

684 ശ്രീ. എ. എ. അസീസ്
ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി സ്വകാര്യ മാനേജ്മെന്റിന്റെ കീഴിൽ ഏതെല്ലാം കളിമൺ ഖനന കമ്പനികളാണ് പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുത കമ്പനികളിൽ സോഷ്യൽ റസ്പോൺസിബിലിറ്റി ഫണ്ട് രൂപവത്കരിച്ച് ചെലവഴിക്കുന്നുണ്ടോ;

(സി) എങ്കിൽ 2012-13 സാമ്പത്തിക വർഷത്തിൽ ഓരോ കമ്പനിയും ചെലവാക്കിയ തുക എത്രയാണ്;

(ഡി) പ്രസ്തുത ഫണ്ടിൽ നിന്നും തുക കൃത്യമായി ചെലവഴിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

സ്വര്‍ണ്ണത്തിന്റെ ഇറക്കുമതിയും കയറ്റുമതിയും

685 ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട്, നെടുമ്പാശ്ശേരി, തിരുവനന്തപുരം എയര്‍പോര്‍ട്ടുകള്‍വഴി കഴിഞ്ഞ അഞ്ച് സാമ്പത്തിക വര്‍ഷത്തില്‍ നിയമാനുസൃതം ഇറക്കുമതി ചെയ്യപ്പെട്ട സ്വര്‍ണ്ണത്തിന്റെ കണക്കുകള്‍ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കാലയളവില്‍ നിയമാനുസൃതം കയറ്റുമതി ചെയ്യപ്പെട്ട സ്വര്‍ണ്ണാഭരണങ്ങളുടെ കണക്കുകളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>ക്വാറി-ക്രഷര്‍ പെര്‍മിറ്റ്</u>

686 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്വാറി-ക്രഷര്‍ തൊഴിലാളികള്‍ക്ക് ലൈസന്‍സ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങള്‍ ഉള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ജിയോളജി വകുപ്പില്‍ നിന്നും പാറകള്‍ക്കുള്ള പെര്‍മിറ്റ് നിര്‍ത്തിവെച്ച സാഹചര്യം വ്യക്തമാക്കുമോ;

(സി) പെര്‍മിറ്റ് നല്‍കുന്ന നടപടി പുന:സ്ഥാപിക്കുമോ;

(ഡി) ജിയോളജി വകുപ്പിനെ നോഡല്‍ ഏജന്‍സിയായി അംഗീകരിച്ച് പെര്‍മിറ്റ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഇ) സമഗ്ര ക്വാറി സംരക്ഷണനിയമം നടപ്പാക്കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ;

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>പരിസ്ഥിതി ലോല വില്ലേജുകളിൽ ക്വാറി പ്രവർത്തനം</u>

687 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ റിപ്പോർട്ട് പ്രകാരം ഇ. എസ്. എ. ആയി പ്രഖ്യാപിക്കുവാൻ ശുപാർശ ചെയ്തിട്ടുള്ള ഏതെല്ലാം വില്ലേജുകളിൽ ക്വാറി പ്രവർത്തനങ്ങൾക്ക് മൈനിംഗ് & ജിയോളജി വകുപ്പ് അനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്വാറികൾ ഓരോന്നും എത്ര വർഷമായി പ്രവർത്തിച്ചു വരുന്നുണ്ടെന്നും അവ പരിസ്ഥിതി നാശം വരുത്തുന്നുണ്ടെന്ന വിധത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ</u>

688 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെയും, റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ള വിജ്ഞാപനത്തിന്റെയും തുടർച്ചയായി സംസ്ഥാനത്തെ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് എന്തെല്ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നു വിശദമാക്കുമോ;

(ബി) ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയയായി പ്രഖ്യാപിക്കപ്പെട്ട 123 വില്ലേജുകളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലറിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ധാതുമണൽ ഖനനം

689 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധാതുസമ്പുഷ്ടമായ മണൽ അനധികൃതമായി കടത്തിക്കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ചാർജ്ജ് ചെയ്യപ്പെട്ട കേസുകളിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ;

(ഡി) അനധികൃതമണൽ കടത്തൽ നിർത്തലാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(ഇ) സ്വകാര്യസ്ഥാപനങ്ങൾക്ക് ധാതുമണൽ ഖനനം ചെയ്യുന്നതിന് അനുമതി നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഏജൻസികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് നിലവിൽ എത്ര കമ്പനികൾ ധാതുമണൽ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നു എന്നുള്ള വിവരം, സർക്കാർ/പൊതുമേഖല എന്നീ വിഭാഗത്തിൽ ഇനംതിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>കൈത്തറി വ്യവസായം</u>

690 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തറികളുടെ എണ്ണം, തൊഴിലാളികളുടെ എണ്ണം, ഉല്പാദനം എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കൈത്തറി വ്യവസായത്തിന് ഇന്ത്യയിൽ എത്രാമത്തെ സ്ഥാനമാണ് ഉള്ളതെന്ന് കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും ഏജൻസി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കേരളത്തിന്റെ സ്ഥാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ 2012-2013, 2013-2014 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിൽ കൈത്തറി വ്യവസായത്തിന് നീക്കിവച്ച തുകയിൽ നിന്നും കേരളത്തിന്റെ സ്ഥാനത്തിന് ആനുപാതികമായി ലഭിക്കേണ്ട തുകയെത്രയെന്നും, 2012-13 വർഷത്തിലും 2013-14 വർഷത്തിൽ 30.11.2013 വരെയും ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കൈത്തറി വ്യവസായത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി

691 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായത്തിന് വേണ്ടി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്നും ഇവ ഓരോന്നിനും 2010-11 മുതൽ 2013-14 വരെയുള്ള ഓരോ വർഷങ്ങളിലും ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുകയും സംസ്ഥാന സർക്കാർ ചെലവഴിച്ച തുകയും എത്ര വീതമെന്നും വ്യക്തമാക്കാമോ;

(ബി) മുകളിൽ പരാമർശിച്ച പദ്ധതികൾക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ച തുക പൂർണ്ണമായും കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക പദ്ധതി തിരിച്ച് വ്യക്തമാക്കുമോ;

(സി) ചെലവഴിച്ച തുക പൂർണ്ണമായും ലഭിച്ചില്ലായെങ്കിൽ അതിനുള്ള കാരണമെന്താണെന്നും; ചെലവായ തുക പൂർണ്ണമായും ലഭിക്കാൻ സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനുള്ള നടപടി</u>

692 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മില്ലിന് നിലവിൽ എത്ര തുകയുടെ സാമ്പത്തികബാദ്ധ്യത ഉണ്ട്; ആയത് ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര തുക വീതം ബാദ്ധ്യതയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക മില്ലിന്റെ നവീകരണപ്രവർത്തനങ്ങൾക്കും ഇതര ആവശ്യങ്ങൾക്കുമായി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിലേയ്ക്ക് ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>കൊല്ലം പാർവ്വതി മില്ലിന്റെ സ്ഥലം ഏറ്റെടുക്കാൻ നടപടി</u>

693 ശ്രീ.പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള പ്രവർത്തനരഹിതമായ കൊല്ലം പാർവ്വതി മിൽ സ്ഥിതി ചെയ്യുന്ന സ്ഥലം സർക്കാർ ഏറ്റെടുക്കുമോ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുത്ത് കൊല്ലത്ത് മെഡിക്കൽ കോളേജ് ആരംഭിക്കാൻ വിട്ടുകൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സ്ഥലം എം. എൽ. എ യുടെ 21.06.2013 -ലെ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ടെക്സ്റ്റൈൽ കോർപ്പറേഷൻ നവീകരണം</u>

694 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്സ്റ്റൈൽ കോർപ്പറേഷനെ നവീകരിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാം;

(സി) കോട്ടയം ടെക്സ്റ്റൈൽസിൽ ഒരു ടെക്സ്റ്റൈൽ ടെക്നോളജി കോളേജ് തുടങ്ങുന്നതിന് നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച ആവശ്യത്തിൻമേൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ; വ്യവസായ വകുപ്പിലെ ഇത് സംബന്ധിച്ചുള്ള ഫയൽ നമ്പർ അറിയിക്കാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>ഉദുമ ടെക്സ്റ്റൈൽ മിൽ</u>

695 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലയിൽ പുതുതായി എത്ര വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്; പേര് വിവരങ്ങൾ വിശദമാക്കാമോ;

(ബി) ഇതിൽ എത്ര എണ്ണത്തിൽ ഉൽപാദനം ആരംഭിച്ചിട്ടുണ്ട്; ഉൽപാദനം തുടങ്ങാത്തത് ഏതൊക്കെ; തരംതിരിച്ച് വിശദമാക്കാമോ;

(സി) കോടിക്കണക്കിന് രൂപ മുതൽ മുടക്കി സ്ഥാപിച്ചിട്ടുള്ള ഉദുമ ടെക്സ്റ്റൈൽ മില്ലിൽ ഇതുവരെ ഉൽപാദനം തുടങ്ങാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഡി) തടസ്സങ്ങൾ നീക്കി ഉൽപാദനം ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ക്രാഫ്റ്റ് വില്ലേജുകളുടെ വികസനപ്രവർത്തനങ്ങൾ

696 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന ക്രാഫ്റ്റ് വില്ലേജുകളുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന ക്രാഫ്റ്റ് വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ കരകൗശലവിദഗ്ദ്ധരെ അണിനിരത്തി, ഹാന്റിക്രാഫ്റ്റ്സ് ഉല്പാദിപ്പിച്ചുവരുന്ന പ്രമുഖകേന്ദ്രം ഏതാണെന്ന് കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കേന്ദ്രത്തിന്റെ വികസനത്തിനുവേണ്ടി കോർപ്പറേഷൻ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത കേന്ദ്രത്തിൽ ഉൽപാദിപ്പിക്കുന്ന ഹാന്റിക്രാഫ്റ്റുകൾ കോർപ്പറേഷൻ ശേഖരിച്ചുവരുന്നുണ്ടോ; പ്രസ്തുത ക്രാഫ്റ്റ് വില്ലേജിലെ എത്ര കരകൗശലവിദഗ്ദ്ധർക്ക് കോർപ്പറേഷൻ വായ്പ ലഭ്യമാക്കിയിട്ടുണ്ട്?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

സ്മാർട്ട് സിറ്റി പദ്ധതി

697 ശ്രീ. ബെന്നി ബെഹനാൻ
,, വി. പി. സജീന്ദ്രൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് സിറ്റി പദ്ധതി യഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(സി) പദ്ധതി നടത്തിപ്പിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ഡി) പദ്ധതി അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്;

(ഇ) സ്മാർട്ട് സിറ്റിയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ഇ-ടെണ്ടറിംഗ് സംവിധാനം</u>

698 ശ്രീ.ഹൈബി ഈഡന്‍
,, വി. പി. സജീന്ദ്രന്‍
,, പി. എ. മാധവന്‍
,, ജോസഫ് വാഴക്കന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) സര്‍ക്കാര്‍ ദര്‍ഘാസുകള്‍ ലളിതമായും വേഗത്തിലും ഓണ്‍ലൈനിലൂടെ നല്‍കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഇതില്‍ ഏര്‍പ്പെടുത്തിയിട്ടുളളത്;

(ഡി) ഏതെല്ലാം ഏജന്‍സികളാണ് ഈ സംവിധാനവുമായി സഹകരിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ സംവിധാനം

699 ശ്രീ. പാലോട് രവി
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) സർക്കാർ സേവനങ്ങൾ നേരിട്ട് ഓൺലൈനിലൂടെ ലഭിക്കാൻ എന്തെല്ലാം സംവിധാനമാണ് ഇതിൽ ഒരുക്കിയിരിക്കുന്നത് ;

(ഡി) പ്രസ്തുത സംവിധാനംവഴി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ടെക്നോളജി ഇന്നൊവേഷന്‍ സോണ്‍ സ്ഥാപിക്കുന്നതിനുള്ള നടപടി</u>

700 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ജോസഫ് വാഴക്കന്‍
,, ഐ. സി. ബാലകൃഷ്ണന്‍
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ടെക്നോളജി ഇന്നൊവേഷന്‍ സോണ്‍ സ്ഥാപിക്കാന്‍ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കില്‍ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) സ്റ്റാര്‍ട്ട് അപ് സംരംഭങ്ങള്‍ കൂടുതല്‍ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ആധാർ കാർഡ് രജിസ്ട്രേഷൻ പുരോഗതി</u>

T.701 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. ശശി
''ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാർ കാർഡ് രജിസ്ട്രേഷൻ സംസ്ഥാനത്ത് എത്ര ശതമാനം പൂർത്തിയായെന്ന് വ്യക്തമാക്കുമോ;

(ബി) ആധാർ കാർഡിനായി രജിസ്റ്റർ ചെയ്ത എത്രപേർക്ക് കാർഡ് വിതരണം ചെയ്തുവെന്നും ഇനി എത്രപേർക്ക് പ്രസ്തുത കാർഡ് ലഭിക്കാനുണ്ടെന്നുമുള്ള വിവരങ്ങൾ നൽകാമോ;

(സി) ആധാർ കാർഡുകളിൽ മാതൃഭാഷയിൽ സംഭവിക്കുന്ന തെറ്റുകൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ആധാർ കാർഡ്</u>

T.702 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാർ കാർഡ് നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) ആധാർ കാർഡ് നൽകുന്നതിന് സംസ്ഥാന സർക്കാർ ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഓരോ ഏജൻസിയും ആധാർ കാർഡിനായി രജിസ്റ്റർ ചെയ്തവരുടെ എണ്ണം ലഭ്യമാക്കുമോ;

(സി) എത്ര പേർക്ക് ഇതിനകം ആധാർ കാർഡ് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാരിന്റെ ഏതെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആധാർ കാർഡ് നിർബന്ധമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ആയതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഇ) ആധാർ കാർഡിനെ ഒരു പൗരന്റെ ആധികാരിക തിരിച്ചറിയൽ രേഖയായി കേന്ദ്രസർക്കാർ നിയമം മുഖേന നിശ്ചയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ആധാർ കാർഡ് രജിസ്ട്രേഷൻ</u>

T.703 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആധാർ രജിസ്റ്ററിൽ പേർ ചേർക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആധാർ എൻറോൾമെന്റുമുലം പൗരന് എന്തുനേട്ടമാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ആധാർ കാർഡ് എന്തെല്ലാം ആവശ്യങ്ങൾക്ക് പൗരന് ഉപയുക്തമാകും; വിശദമാക്കുമോ;

(ഡി) രാജ്യത്തെ ഒരു പൗരന് നൽകുന്ന ആധികാരിക തിരിച്ചറിയൽ രേഖയാണ് 'ആധാർ' കാർഡ് എന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഇ) ആധാർ കാർഡിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നത് ആരാണെന്നും അവരെ നിയോഗിച്ചത് ആരാണെന്നും രാജ്യത്ത് നിലനൽക്കുന്ന ഏതു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ആധാർ കാർഡിന് രജിസ്റ്റർ ചെയ്യുന്നതെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ഇ-പേയ്മെന്റ് ഗേറ്റ്‌വേ

704 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-പേയ്മെന്റ് ഗേറ്റ്‌വേ നിലവിൽ വന്നിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ;

(സി) സർക്കാർ സേവനങ്ങൾക്കാവശ്യമായിവരുന്ന പണമിടപാടുകൾ ഓൺലൈനായി അടയ്ക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഇതിലുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി</u>

705 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരളയ്ക്ക് സ്വന്തം ക്യാമ്പസ് നിർമ്മിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) 2000-ൽ ഈ സ്ഥാപനത്തോടൊപ്പം ആരംഭിച്ച ഹൈദരാബാദിലേയും, ബാംഗ്ലൂരിലേയും, അലഹബാദിലേയും ട്രിപ്പിൾ ഐ.ടി.കൾ സ്വന്തം ക്യാമ്പസിനുള്ളിൽ കല്പിത സർവ്വകലാശാല പദവി നേടിയെടുത്തു പ്രവർത്തിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന്റെ നിർദ്ദിഷ്ട സ്ഥാപനത്തിന് എ.ഐ.സി.ടി.ഇ യുടെ അംഗീകാരം നേടിയെടുക്കാൻ പോലും കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) ബി.ടെക് കഴിഞ്ഞവർക്ക് ഉന്നത പഠനത്തിനായുള്ള നിർദ്ദിഷ്ട സ്ഥാപനം കെട്ടിട സൗകര്യത്തോടും അംഗീകൃത കോഴ്സുകളോടും കൂടി എന്നു നിലവിൽ വരുമെന്ന് വെളിപ്പെടുത്താമോ; ഇതിനായി ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) ഐ.ടി. വകുപ്പിന്റെ പരിഗണനയിൽ ഇരിക്കുന്ന നിർദ്ദിഷ്ട സ്ഥാപനത്തെ സംബന്ധിച്ച കാര്യങ്ങളിൽ സമയബന്ധിതമായി തീരുമാനം എടുക്കാൻ നടപടി സ്വീകരിക്കാമോ?

## കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

ഐ.ടി. മിഷന്റെ നേതൃത്വത്തിൽ സ്വയം സംരംഭക പദ്ധതി

706 ശ്രീ. എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സ്വയം സംരംഭക പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) തൊഴിലന്വേഷകരായ വിദ്യാർത്ഥികളേയും യുവജനങ്ങളെയും തൊഴിലുടമകളായി മാറ്റുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ബഡ്ജറ്റിന്റെ നിശ്ചിത ശതമാനം പ്രസ്തുത പദ്ധതിക്കായി നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഇ) ഈ പദ്ധതിയുമായി ബന്ധപ്പെട്ട പരിപാടികളുടെ പ്രചാരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

<u>ഇൻഫർമേഷൻ ടെക്നോളജി വകുപ്പിൽ</u>
<u>തീരുമാനമാകാതെയുള്ള ഫയലുകൾ</u>

707 ശ്രീ.എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജി വകുപ്പിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസവും വീഴ്ചയും സംഭവിച്ചുകൊണ്ടിരുക്കുന്നതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിലെ ഐ. ടി. വികസനവുമായി ബന്ധപ്പെട്ട എത്ര ഫയലുകളിൽ സമയബന്ധിതമായി നടപടികളില്ലാതെ തീരുമാനം നീണ്ടുപോയിക്കൊണ്ടിരിക്കുന്നു എന്ന് വിശദമാക്കുമോ;

(സി) ഐ. ടി. വകുപ്പിന്റെ പരിഗണനയിലിരിക്കുന്ന ഫയലുകളിൽ സമയബന്ധിതമായി തീരുമാനം എടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുളളവ ഏതൊക്കെയാണെന്ന് പരിശോധിക്കാമോ;

(ഡി) നിലവിൽ എത്ര ഫയലുകൾ തീരുമാനം എടുക്കുന്നതിനായി ഐ.ടി വകുപ്പിന്റെ പരിഗണനയിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.01.2014-ലെ മറുപടിക്ക്

കോഴിക്കോട് സൈബർ പാർക്ക് നിർമ്മാണം

708 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ സൈബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പാർക്കിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാകും എന്ന് പറയാമോ?

# കേരള നിയമസഭ
# 07.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഐ.റ്റി. പാർക്കിന്റെ നിർമ്മാണം</u>

709 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ വർഷങ്ങൾക്കുമുമ്പ് തറക്കല്ലിട്ട ഐ.റ്റി. പാർക്കിന്റെ നിർമ്മാണപ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2013 ഡിസംബർ 29.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്

[ചട്ടം 47(1)].